# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

# സ്റ്റാറ്റസ് റിപ്പോർട്ട്

## 2024 – 2025

# ആമുഖം

രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് നമ്മുടെ നാടിന്റെ വികസന കാഴ്ചപ്പാട് തന്നെ മാറ്റി മറിച്ചു. വികേന്ദ്രീകൃത ആസൂത്രണം അഥവാ ജനകീയാസൂത്രണം നടപ്പിൽ വന്നു അഞ്ചു പതിറ്റാണ്ട് പിന്നിടുമ്പോൾ സമസ്ത മേഖലകളിലും മാറ്റത്തിന്റെ വൻ കുതിപ്പാണ് കാഴ്ചവച്ചത്. ഗ്രാമീണർ ഒത്തുകൂടി അവരുടെ ആവശ്യങ്ങൾ പ്രാധാന്യമനുസരിച്ചു ക്രമപ്പെടുത്തി ക്രോഡീകരിച്ചു അംഗീ കാരം നേടി അവരുടെ നേതൃത്വത്തിൽ മേൽനോട്ടം വഹിച്ചും പ്രാവർത്തികമാക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം 40 വർഷത്തോളം നടപ്പിലാക്കിയ പല പദ്ധതികളും ലക്ഷ്യപ്രാപ്തി കണ്ടില്ല. ധനവിനിയോഗത്തിലെ പാകപിഴകളും പ്രവർത്തികളുടെ മേന്മയും പല പദ്ധതികളും ഉപയോഗശൂന്യമാക്കി. എന്നാൽ ജനഹിതങ്ങളെ അറിഞ്ഞുള്ള ജനകീയാസൂത്രണം വന്നതോടെ കാര്യങ്ങൾ മാറിമറിഞ്ഞു. പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിൽ ശാസ്ത്രീമായി സമീപിച്ചപ്പോൾ ചരിത്രത്തെ മാറ്റിമറിച്ചു കൊണ്ടാണ് നടപ്പിലായത്.

ഇക്കാലത്ത് ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളെ കുറിച്ചുള്ള ഒരു കണക്കെടുപ്പ് ജനങ്ങൾ മുമ്പാകെ സമർപ്പിക്കുന്നു.

ഒൻപതാം പഞ്ചവത്സര പദ്ധതി മുതലുള്ള എല്ലാ അഞ്ച് വർഷ പദ്ധതികളും ആസൂത്രണ, ആവിഷ്ക്കരണ അപര്യാപ്തത, പദ്ധതികളുടെ കാര്യക്ഷമതക്ക് പൂർണ്ണത നഷ്ടപ്പെടുത്തി. ലക്ഷ്യബോധത്തോടെ നവീന സാങ്കേതികവിദ്യയുടെ സഹായത്താൽ പതിമൂന്നാം പഞ്ചവത്സരപദ്ധതി നിർവ്വഹണത്തിൻറെ കാര്യത്തിൽ പുതിയ മാനങ്ങൾ സൃഷ്ടിച്ചു.

14-ാം പഞ്ചവത്സര പദ്ധതിയുടെ തുടക്കം എന്നോണം 2023-24 പദ്ധതികാലയള വിൽ ഇതിനുമുമ്പുള്ള അവസ്ഥയും ഇന്നത്തെ അവസ്ഥയും വിലയിരുത്തി സമഗ്രമായ ഒരു അവസ്ഥാരേഖയാണ് പ്രസിദ്ധീകരിച്ചത്. 2023-24 വാർഷിക പദ്ധതിയുടെ പ്രോഗ്രസ്സ് ആസൂത്രണസമിതി അംഗങ്ങളുടെ യോഗം ചേർന്ന് വിലയിരുത്തി. ഈ കാലയളവിൽ നട പ്പിലാക്കിയ പദ്ധതികളിലെ പാളിച്ചകൾ വിലയിരുത്തി പ്രശ്നപരിഹാര സാദ്ധ്യതകൾ ചർച്ചചെയ്തു. നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ ഏറ്റെടുക്കരുതെന്നും ആസ്തിയിൽ ഉൾപ്പെടുത്തുകയും പദ്ധതി മേഖലിയിലെ പ്രശ്നങ്ങൾ പരിഹരിച്ചതിന് ശേഷം മാത്രം പ്രൊജക്ടുകൾ ഏറ്റെടുത്താൽ മതിയെന്നും വിലയിരുത്തി. കൂടാതെ നൂതന പദ്ധതികൾക്കും പ്രാധാന്യം നൽകണമെന്നും തീരുമാനിച്ചു. തികച്ചും പ്രക്രിയാ തിഷ്ഠിതമായി നടത്തിയ അവസ്ഥാ രേഖ തയ്യാറാക്കൽ പരിപാടി 2024-25 പദ്ധതി രൂപീക രികരണത്തിന് ആവശ്യമായ നയങ്ങളും തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനും കൃത്യ മായ ലക്ഷ്യബോധത്തോടെ സമഗ്ര വികസനം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുമെന്ന് വിശ്വസിക്കുന്നു.

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് എറണാകുളം ജില്ലയുടെ വടക്കുഭാഗത്തായി ആലുവ താലൂക്കിൽ വടക്ക് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തും, കിഴക്ക് ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തും പടിഞ്ഞാറ് ഭാഗത്ത് കുന്നുകര ഗ്രാമപഞ്ചായത്തും തെക്ക് ആലുവ മുൻസിപ്പാലിറ്റിയും അതിർത്തി പങ്കിട്ട് സ്ഥിതി ചെയ്യുന്നു. ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തുള്ള മുനിക്കൽ ഗുഹാലയ ക്ഷേത്രത്തിൽ പണ്ട് ജംഗമ മുനി എന്നു പേരായ ഒരു മഹർഷി തപസ്സ് ചെയ്തിരുന്നു. ഈ മഹർഷിയുടെ പേരിൽ ഈ നാട് ആദ്യം ജംഗമനാട് എന്നറിയപ്പെടുകയും പിന്നീട് ഈ പേര് ലോപിച്ച് ചെങ്ങമനാട് എന്നായി മാറുകയും ചെയ്തു.

15.58 ച.കി. മീറ്റർ വിസ്തൃതി വരുന്ന ഈ പഞ്ചായത്തിനെ 18 വാർഡുകളായി തിരിച്ചിരിക്കുന്നു. 1949 കാലഘട്ടത്തിൽ നെടുമ്പാശ്ശേരി വില്ലേജ് യൂണിയൻ എന്ന നാമധേയം സർക്കാർ ഉത്തരവ് പ്രകാരം ചെങ്ങമനാട് പഞ്ചായത്ത് എന്നാക്കി മാറ്റി. ആദ്യകാലത്ത് പറമ്പയത്ത് പീടികയുടെ മുകളിലും ദേശത്ത് കൂക്കാംപാറ കെട്ടിടത്തിലും വാടകയ്ക്കാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്. 1965 കാലഘട്ടത്തിൽ പഞ്ചായത്തിന്റെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേക്കായി .

**1.1 ഭൂപ്രകൃതി**

ഭൂപ്രകൃതി അനുസരിച്ച് ചെങ്ങമനാട് ഗ്രാമപഞ്ചായത്തിനെ നാലു മേഖലകളായി തിരിക്കാം.

1. പുഴയോര സമതലം
2. ചെറിയ ചരിവ് പ്രദേശം
3. പശിമയുള്ള ചളി പ്രദേശം
4. കുന്നിൻ പ്രദേശം

<u>1. പുഴയോര സമതല പ്രദേശം</u>

പഞ്ചായത്തിലെ കൂടുതൽ ഭാഗം വരുന്ന ഭൂവിഭാഗം പുഴയോര സമതലത്തിൽ പെട്ടതാണ്. പെരിയാർ തീരവും അതിന്റെ രണ്ട് കൈവഴികളും പഞ്ചായത്തിന്റെ രണ്ട് അതിരുകളാണ്. നെല്ല്, തെങ്ങ്, വാഴ ഫലവൃക്ഷങ്ങൾ എന്നിവയാണ് പ്രധാന കൃഷി.

<u>2. ചരിവ് പ്രദേശം</u>

11, 12 വാർഡുകളുടെ മധ്യഭാഗവും വാർഡ് 15 പൊതുവേയും വാർഡുകളുടെ 4 ഭാഗവും ചരിവ് പ്രദേശങ്ങളാണ്. ചരൽ കലർന്ന ചെമ്മണ്ണാണ് ഇവിടങ്ങളിൽ പൊതുവേ കണ്ടുവരുന്നത്. കൃഷി ചെയ്യാത്ത ഭൂമി ഇവിടങ്ങളിൽ ഇല്ലെന്നു പറയാം. പൊതുവേ തെങ്ങ്,വാഴ, ഫലവൃക്ഷങ്ങൾ, ജാതി, മരച്ചീനി എന്നിവ കൃഷി ചെയ്യുന്നു.

3. പശിമയുള്ള ചളി പ്രദേശം

മഴവെള്ളം ശേഖരിക്കപ്പെടുന്ന ഈ പ്രദേശങ്ങളിലെല്ലാം കാണുന്ന മണ്ണാണ് പശിമയുള്ള ചളി. ഫലഭൂയിഷ്ടമായ ഈ പ്രദേശങ്ങളിൽ നെൽകൃഷിയാണ് പ്രധാന വിള. ക്രമേണ എല്ലാ പ്രദേശങ്ങളും ഇഷ്ടിക നിർമ്മാണത്തിന്റെ കേന്ദ്രമായി മാറുകയായിരുന്നു. പഞ്ചായത്തിലെ വളരെയേറെ സ്ഥലങ്ങൾ ഇഷ്ടിക നിർമ്മാണത്തിനു വേണ്ടി ഉപയോഗിച്ചതിനാൽ നെൽകൃഷി കുറയുകയായിരുന്നു.

4. കുന്നിൻ പ്രദേശം

ലാറ്ററേറ്റും ചെമ്മണ്ണും കലർന്ന പ്രദേശങ്ങൾ മുഴുവൻ വാർഡുകളിലും കാണാവുന്നതാണ്. ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുന്ന സ്ഥലമാണ്.

**1.2 ചരിത്രം**

പ്രസിദ്ധമായ ആലുവ ശിവരാത്രി മണപ്പുറം ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. തെക്കുവശത്തുകൂടി പോകുന്ന പെരിയാർ രണ്ടായി തിരിയുന്നത് ആലുവയിൽ വച്ചാണ്. പെരിയാറിന്റെ കൈവഴി ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറു വശത്തുകൂടി ഒഴുകുന്നു, ചെങ്ങമനാട് റവന്യൂ വില്ലേജ് പൂർണ്ണമായും ഈ പഞ്ചായത്തിലാകുന്നു. പൊതുവെ സമതലപ്രകൃതമായ ഈ പഞ്ചായത്ത് പ്രദേശത്തെ ചുറ്റിയൊഴുകുന്ന പറമ്പയം - ചെങ്ങൽത്തോടിനേയും, മറ്റ് ചെറുതോടുകളേയും ഈ പഞ്ചായത്തിന്റെ സുപ്രധാന ജലസ്രോതസ്സുകളായി മാറ്റേണ്ടതുണ്ട്. പഴയ തിരുവിതാംകൂറിന്റെ അതിരുകളിൽ രൂപം കൊണ്ട് പഞ്ചായത്തുകളിലൊന്നായ ചെങ്ങമനാട് 1954 ൽ രൂപം കൊള്ളുമ്പോൾ ഇന്നത്തെ നെടുമ്പാശ്ശേരി, ചെങ്ങമനാട് ഭൂവിഭാഗങ്ങൾ ഇതിൽ ഉൾപ്പെട്ടിരുന്നു. ഈ പഞ്ചായത്തിൽ തുരുത്ത് പുറയാർ, ദേശം- കപ്രശ്ശേരി, നെടുവന്നൂർ, പുതുവാശ്ശേരി, ചെങ്ങമനാട് പാലപ്രശ്ശേരി എന്നീ കരകളാണ് ഉള്ളത്.

നവോത്ഥാന കാലഘട്ടത്തിലും അതിനുശേഷവും കർഷകരുടേയും, തൊഴിലാളികളുടേയും സംഘടിത രൂപങ്ങൾ ജനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾക്ക് വഴി തെളിച്ചു. പഴയ കാലത്തിന്റെ പ്രതത്യേകയെ സൂചിപ്പിക്കുന്ന ഒരു പ്രധാന സംഭവം കൊല്ലവർഷം 99 ലെ വെള്ളപ്പൊക്കമാകുന്നു. ഈ പഞ്ചായത്തിന്റെ മിക്കവാറും എല്ലാ സ്ഥലങ്ങളും വെള്ളപ്പൊക്കത്തിന്റെ കെടുതികൾ അനുഭവിക്കുകയുണ്ടായി. ചെങ്ങമനാട് പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ സ്കൂളായ ദേശം സ്കൂൾ 1902 ൽ സ്ഥാപിതമായെന്ന് കരുതുന്നു. 1911 ൽ ചെങ്ങമനാട് പ്രൈമറി സ്കൂൾ സ്ഥാപിതമായി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ആലുവയിലും പിന്നീട് നെടുമ്പാശ്ശേരി ഹൈസ്കൂളുമായിരുന്നു ആശ്രയം. 1921 സ്ഥാപിതമായ ആലുവ യു.സി. കോളേജിനെയാണ് ഉന്നത വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത്. 1921 ൽ മഹാകവി കുമാരനാശാന്റെ മേൽനോട്ടത്തിൽ ചെങ്ങമനാട് യൂണിയൻ ടൈൽ വർക്ക്സ് സ്ഥാപിതമായി. ചെങ്ങമനാടും പരിസരപ്രദേശങ്ങളിലും ഉള്ളവരായിരുന്നു തൊഴിലാളികൾ. ആലുവായിലും സമീപ പ്രദേശങ്ങളിലും ഇത്തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ രൂപമെടുത്തു. ദേശം, തുരുത്ത് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ചുരുക്കം ചിലർ ഇവിടങ്ങളിൽ ജോലിക്ക് പോയിരുന്നു. റെയിൽവെ ജോലിക്കാരായും കുറെ ആളുകൾ പഞ്ചായത്തിൽ നിന്നും പോയിരുന്നു. ബഹു ഭൂരിപക്ഷം

പേരും കൃഷിയെ ആശ്രയിച്ചാണ് ജീവിതം മുന്നോട്ട് നയിച്ചിരുന്നത്. പാട്ടം, കുടിയാന്മ തുടങ്ങിയവ കൃഷിക്കാരെ പാപ്പരാക്കിയിരുന്നു. സ്വതന്ത്രപ്രാപ്തിക്ക് ശേഷം ജന്മിത്ത വാഴ്ചയ്ക്ക് എതിരായി കൃഷിക്കാരുടെ സംഘടനകൾ ചില നടപടികൾ സ്വീകരിച്ചു. സംസ്ഥാന വ്യാപകമായി നടന്ന കൃഷിക്കാരുടെ ഭൂമിക്ക് വേണ്ടിയുള്ള സമരത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലും കർഷക പ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചു.

മഴയെ ആശ്രയിച്ചുള്ള ഒരു കർഷക വ്യവസ്ഥയാണ് ഇവിടെയുള്ളത്. വർഷപാതത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ലഭിക്കുന്ന മഴയുടെ 75 ശതമാനം കാലവർഷത്തിൽ നിന്നാണ് ലഭിക്കുന്നത്. പെരിയാറും അതിന്റെ രണ്ട് കൈവഴികളും ഈ പഞ്ചായത്തിനരികിലൂടെയാണ് സഞ്ചരിക്കുന്നത് എങ്കിലും വർഷത്തിൽ രണ്ട് മുതൽ 5 മാസം വരെ ജലക്ഷാമം അനുഭവപ്പെടും.

**1.3 പൊതുവിവരങ്ങൾ**

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് |
| ആസ്ഥാനം | : | പറമ്പയം |
| വില്ലേജ് | : | ചെങ്ങമനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | പാറക്കടവ് |
| താലൂക്ക് | : | ആലുവ |
| ജില്ല | : | എറണാകുളം |
| വിസ്തീർണ്ണം | : | 15.58 ച.കി.മീ |
| വാർഡുകളുടെ എണ്ണം | : | 18 |
| ജനസംഖ്യ | : | 27978 |
| സ്ത്രീകൾ | : | 14279 |
| പുരുഷന്മാർ | : | 13699 |
| പട്ടികജാതി ജനസംഖ്യ | : | 2156 |
| സ്ത്രീകൾ | : | 1106 |
| പുരുഷന്മാർ | : | 1050 |
| പട്ടികവർഗ്ഗ ജനസംഖ്യ | : | 27 |
| സ്ത്രീകൾ | : | 13 |
| പുരുഷന്മാർ | : | 14 |

## ജനസംഖ്യാ സ്ഥിതിവിവരങ്ങൾ

| വിഭാഗം | സ്ത്രീ | പുരുഷൻ | ട്രാൻസ്ജൻഡർ | ആകെ |
|---|---|---|---|---|
| ജനസംഖ്യ | 14279 | 13699 | 0 | 27978 |
| എസ്.സി | 1106 | 1050 | 0 | 2156 |
| എസ്.ടി | 13 | 14 | 0 | 27 |

## തദ്ദേശസ്വയംഭരണസ്ഥാപനം പൊതുവിവരങ്ങൾ

| | |
|---|---|
| വാർഡുകൾ | 18 |

| ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി | | | | |
|---|---|---|---|---|
| പ്രസിഡന്റ് | **ശ്രീമതി ജയ മുരളീധരൻ**<br>പാറയ്ക്കാട്ട് ഹൗസ്<br>കപ്രശ്ശേരി<br>നെടുമ്പാശ്ശേരി പി. ഒ. | വാർഡ്<br>VIII | 94000 54203 |  |
| വൈസ് പ്രസിഡന്റ്<br>&<br>ധനകാര്യ സ്റ്റാന്റിംഗ്<br>കമ്മിറ്റി ചെയർമാൻ | **ശ്രീ. സി.എസ്. അസീസ്**<br>ചെറുപറമ്പിൽ ഹൗസ്<br>പാലപ്രശ്ശേരി<br>ചെങ്ങമനാട് പി. ഒ. | വാർഡ്<br>XVIII | 98472 37621 |  |
| വികസനകാര്യ<br>സ്റ്റാന്റിംഗ് കമ്മിറ്റി<br>ചെയർപേഴ്സൺ | **ശ്രീമതി റജീന നാസർ**<br>ചെറൂളിൽ ഹൗസ്<br>പാലപ്രശ്ശേരി<br>ചെങ്ങമനാട് പി. ഒ. | വാർഡ്<br>I | 80893 55936<br>62387 98846 |  |
| ക്ഷേമകാര്യ<br>സ്റ്റാന്റിംഗ് കമ്മിറ്റി<br>ചെയർമാൻ | **ശ്രീ. നൗഷാദ് പാറപ്പുറം**<br>പാറപ്പുറത്ത് ഹൗസ്<br>പുറയാർ<br>ദേശം പി. ഒ.<br>ആലുവ | വാർഡ്<br>XIII | 93886 88686 |  |
| ആരോഗ്യ – വിദ്യാഭ്യാസ<br>സ്റ്റാന്റിംഗ് കമ്മിറ്റി<br>ചെയർപേഴ്സൺ | **ശ്രീമതി ഷക്കീല മജീദ്**<br>അറക്കൽ ഹൗസ്<br>ചെങ്ങമനാട്<br>ചെങ്ങമനാട് പി. ഒ. | വാർഡ്<br>IV | 99463 90385 |  |
| മെമ്പർ | **ശ്രീമതി ശോഭന സുരേഷ്കുമാർ**<br>പുല്ലാട്ടിൽ ഹൗസ്<br>ചെങ്ങമനാട്<br>ചെങ്ങമനാട് പി. ഒ. | വാർഡ്<br>II | 94478 47181 |  |
| മെമ്പർ | **ശ്രീമതി വിജിത വിനോദ്**<br>കോഴിപ്പുറത്ത് ഹൗസ്<br>ചെങ്ങമനാട്<br>ചെങ്ങമനാട് പി. ഒ. | വാർഡ്<br>III | 98477 94337 |  |

| | | | | |
|---|---|---|---|---|
| മെമ്പർ | **ശ്രീ. ഇ.ഡി. ഉണ്ണികൃഷ്ണൻ**<br>ഇളമനപ്പള്ളത്ത് ഹൗസ്<br>പുതുവാശ്ശേരി<br>നെടുമ്പാശ്ശേരി പി.ഒ. | വാർഡ്<br>V | 95954 15988<br>70342 13699 |  |
| മെമ്പർ | **ശ്രീമതി സെബ മുഹമ്മദാലി**<br>പള്ളത്ത് ഹൗസ്<br>പറമ്പയം<br>നെടുമ്പാശ്ശേരി പി.ഒ. | വാർഡ്<br>VI | 72932 13659 |  |
| മെമ്പർ | **ശ്രീമതി നിഷ പൗലോസ്**<br>വടക്കുംഞ്ചേരി ഹൗസ്<br>കപ്രശ്ശേരി<br>നെടുമ്പാശ്ശേരി പി.ഒ. | വാർഡ്<br>VII | 90729 06093 |  |
| മെമ്പർ | **ശ്രീ. അനിൽകുമാർ ഇ.കെ.**<br>ഇല്ലിക്കൽപ്പടി ഹൗസ്<br>നെടുവന്നൂർ<br>ചൊവ്വര പി.ഒ. | വാർഡ്<br>IX | 92492 60490 |  |
| മെമ്പർ | **ശ്രീ. ഷാജൻ അബ്രഹാം**<br>കുരീക്കൽ ഹൗസ്<br>നെടുവന്നൂർ<br>ചൊവ്വര പി.ഒ. | വാർഡ്<br>X | 94478 12954 |  |
| മെമ്പർ | **ശ്രീമതി നിഷ കെ.ഇ.**<br>വാളുവക്കാട്ട് ഹൗസ്<br>തുരുത്ത്<br>ആലുവ പി.ഒ. | വാർഡ്<br>XI | 95443 52760 |  |
| മെമ്പർ | **ശ്രീ. നഹാസ് വി.എം.**<br>കളപ്പുരയിൽ ഹൗസ്<br>പുറയാർ<br>ദേശം പി.ഒ. | വാർഡ്<br>XII | 93888 81002 |  |

| | | | | |
|---|---|---|---|---|
| മെമ്പർ | **ശ്രീ. ടി.വി. സുധീഷ്**<br>തൊമ്മച്ചാട്ട് ഹൗസ്<br>പുറയാർ<br>ദേശം പി.ഒ. | വാർഡ്<br>XIV | 75939 62589<br>94958 20714 |  |
| മെമ്പർ | **ശ്രീ. പി.എൻ. സിന്ധു**<br>സാകേതം<br>പൊറ്റക്കുഴിമന<br>ദേശം, ദേശം പി.ഒ. | വാർഡ്<br>XV | 94954 72439 |  |
| മെമ്പർ | **ശ്രീമതി ഭാവന രഞ്ജിത്**<br>ഭാവനാലയം<br>ദേശം<br>ദേശം പി.ഒ. | വാർഡ്<br>XVI | 98472 53954 |  |
| മെമ്പർ | **ശ്രീമതി ലത ഗംഗാധരൻ**<br>വളപ്പിൽ ഹൗസ്<br>ദേശം പടിഞ്ഞാറ്<br>ദേശം പി.ഒ. | വാർഡ്<br>XVII | 99612 04598 |  |
| സെക്രട്ടറി | **ശ്രീമതി നിസ്സാമോൾ എം.പി.** | | 94960 45847 |  |

| | | |
|---|---|---|
| പാർലമെന്റ് അംഗം | : | **ശ്രീ. ബെന്നി ബഹനാൻ** |
| നിയമസഭാംഗം | : | **ശ്രീ. അൻവർ സാദത്ത്** |
| ജില്ലാ പഞ്ചായത്തംഗം | : | **ശ്രീ. എം.ജെ. ജോമി** |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | **ശ്രീ. ദിലീപ് കപ്രശ്ശേരി** |
| | : | **ശ്രീമതി അമ്പിളി അശോകൻ** |
| | : | **ശ്രീമതി അമ്പിളി ഗോപി** |

# ഭരണം സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| വനിതാ സംവരണ വാർഡുകൾ | : | 1,2,3,4,6,7,8,11,16 |
| പട്ടകജാതി സംവരണ വാർഡുകൾ | : | 9 |
| ജനറൽ വാർഡുകൾ | : | 5,10,12,13,14,15,17,18 |

പഞ്ചായത്ത് ഓഫീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | ശ്രീമതി. നിസ്സാമോൾ എം പി | സെക്രട്ടറി |
| 2. | ശ്രീമതി. വിജയലക്ഷ്മി പി.എസ്. | അസി. സെക്രട്ടറി |
| 3. | ശ്രീ. ജോസഫ് ഷിജു കെ. | ഹെഡ് ക്ലർക്ക് |
| 4. | ശ്രീ. സുരേഷ് കെ | ഹെഡ് അക്കൗണ്ടന്റ് |
| 5. | ശ്രീമതി. ദിവ്യ വി. | സീനിയർ ക്ലർക്ക് |
| 6. | ശ്രീമതി. ഡാലി എൻ.ജെ. | സീനിയർ ക്ലർക്ക് |
| 7. | ശ്രീമതി. രൂപ സുകുമാരൻ | സീനിയർ ക്ലർക്ക് |
| 8. | ശ്രീ. ജോഷി പി.ജെ | ക്ലർക്ക് |
| 9. | ശ്രീമതി. രോഹിണി വർമ്മ | ക്ലർക്ക് |
| 10. | ശ്രീ. അനൂപ് ടി.ജെ | ക്ലർക്ക് |
| 11. | ശ്രീമതി. അനുരാധ കെ. | ക്ലർക്ക് |
| 12. | ശ്രീമതി. ഷിജി അഗസ്റ്റിൻ കെ | ഓഫീസ് അസിസ്റ്റന്റ് |
| 13. | ശ്രീമതി. ധന്യ പി.ആർ | ഓഫീസ് അസിസ്റ്റന്റ് |
| 14. | ശ്രീമതി. സതിദേവി എം.എൻ | പാർട്ട്ടൈം സ്വീപ്പർ |
| 15. | ശ്രീമതി. സുമ എസ് | പാർട്ട്ടൈം സ്വീപ്പർ |
| 16. | ശ്രീ. മുഹമ്മദ് സാദിക്ക് | പാർട്ട്ടൈം ലൈബ്രേറിയൻ |
| 17. | ശ്രീ. രാകേഷ് ആർ. നായർ | പ്രൊജക്ട് അസിസ്റ്റന്റ് |
| 18. | ശ്രീമതി. ഹംദ അലി കെ. | ടെക്നിക്കൽ അസിസ്റ്റന്റ് |
| 19. | ശ്രീമതി അനീസ പി.ഇ. | ഹെൽത്ത് ഇൻസ്പെക്ടർ Gr. II |
| 20. | ശ്രീ. സഹജൻ കെ.എൻ | ഡ്രൈവർ |
| 21. | ശ്രീ. ഫഹദ് എം.എൻ. | അക്രഡിറ്റഡ് എഞ്ചിനീയർ MGNREGS |
| 22. | ശ്രീമതി. പ്രീത സി. | ഓവർസീയർ MGNREGS |
| 23. | ശ്രീമതി. നമിത കെ എൻ | അക്കൗണ്ടന്റ് / ഐ.ടി അസിസ്റ്റന്റ് MGNREGS |
| 24. | കുമാരി. ഷൈനു കെ.എസ് | അക്കൗണ്ടന്റ് / ഐ.ടി അസിസ്റ്റന്റ് MGNREGS |

**നിർവ്വഹണഉദ്യോഗസ്ഥർ**
**ജനകീയാസൂത്രണം - പദ്ധതി രൂപീകരണം (2022 -2027)**

# വർക്കിംഗ് ഗ്രൂപ്പുകൾ

| ക്രമ നം | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | കൺവീനർ |
|---|---|---|
| 1 | പൊതുഭരണവും, ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഇ-ഗവേണൻസ്, തനത് വരുമാന വർദ്ധനവ്, സേവന പ്രദാനം മെച്ചപ്പെടുത്തൽ സദ്ഭരണം, വാതിൽപ്പടിസേവനം മുതലായവ) | ശ്രീമതി. നിസ്സാമോൾ എം.പി<br>സെക്രട്ടറി, ചെങ്ങമനാട്<br>ഗ്രാമപഞ്ചായത്ത് |
| 2 | കൃഷി (ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണനവും ഉൾപ്പെടെ), തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജലസംരക്ഷണം മുതലായവ | ശ്രീമതി ഷീബ എം.<br>കൃഷി ഓഫീസർ,<br>കൃഷിഭവൻ, ചെങ്ങമനാട് |
| 3 | മൃഗസംരക്ഷണവും, ക്ഷീരവികസനവും | ഡോ. ജി സുനിൽ<br>വെറ്റിനറി ഡോക്ടർ, വെറ്റിനറി<br>ഡിസ്പെൻസറി ചെങ്ങമനാട്<br>ഉമ്മുഹബീബ<br>കുന്നത്ത് നടുത്തൊടി<br>ഡയറി ഫാം ഇൻസ്ട്രക്ടർ |
| 4 | പ്രാദേശിക സാമ്പത്തികവികസനം (ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ), സഹകരണം മുതലായവ | ശ്രീ. ശിവൻ കെ.കെ<br>വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ, ദേശം |
| 5 | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | ശ്രീ. സാബിക് ടി.എസ്.<br>വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ, ചെങ്ങമനാട് |
| 6 | സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ മുതലായവ) | ശ്രീമതി. സലീന എം<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ |
| 7 | ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും | ശ്രീമതി. സലീന എം<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ |
| 8 | പട്ടികജാതിവികസനം/പട്ടികവർഗ്ഗ വികസനം | ശ്രീമതി. വിജയലക്ഷ്മി പി.എസ്.<br>അസി. സെക്രട്ടറി |

| ക്രമ നം | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | കൺവീനർ |
|---|---|---|
| 9 | ആരോഗ്യം | ഡോ. പുഷ്പ കെ.കെ.<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി ചെങ്ങമനാട് |
| 10 | കുടിവെള്ളം, ശുചിത്വം മുതലായ | ശ്രീമതി. നബീല എം.ബി.<br>അസി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി സെക്ഷൻ |
| 11 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | ശ്രീമതി. ഷൈനി ജോർജ്ജ് N.<br>എച്ച്. എം.<br>ഗവ. ജെ.ബി.എസ്., ദേശം |
| 12 | പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) | ശ്രീമതി. നബീല എം.ബി.<br>അസി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി സെക്ഷൻ |
| 13 | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതിസംരക്ഷണം, ദുരന്ത നിവാരണം | ശ്രീമതി. നിസ്സാ മോൾ എം.പി<br>സെക്രട്ടറി, ചെങ്ങമനാട്<br>ഗ്രാമപഞ്ചായത്ത് |

### 14-ാം പഞ്ചവത്സര പദ്ധതി (2022-2027)

## ആസൂത്രണസമിതി

അദ്ധ്യക്ഷൻ : ശ്രീമതി. ജയ മുരളീധരൻ (പഞ്ചായത്ത് പ്രസിഡന്റ്)

ഉപാദ്ധ്യക്ഷൻ : അഡ്വ. ശൈലേഷ് കൃഷ്ണൻ

കൺവീനർ : ശ്രീമതി. നിസ്സാമോൾ എം.പി (സെക്രട്ടറി)

**അംഗങ്ങൾ**

1. ശ്രീ. സി.എസ്. അസീസ്
(വൈസ് പ്രസിഡന്റ്)
2. ശ്രീമതി. റജീന നാസ്സർ
(ചെയർപേഴ്സൺ - വികസന സ്റ്റാന്റിംഗ് കമ്മിറ്റി)
3. ശ്രീമതി. ഷക്കീല മജീദ്
(ചെയർപേഴ്സൺ - ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി)
4. ശ്രീ. നൗഷാദ് പാറപ്പുറം
(ചെയർമാൻ - ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
5. ശ്രീ. ഹൈദ്രോസ് തോപ്പിൽ
6. ശ്രീമതി. ശ്രീദേവി മധു
7. ശ്രീ. വിനോദ് എ ടി

## സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-തൊഴിൽ അവസരങ്ങൾ

### റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്ത് വാർഡ് വിന്യാസം

<table>
<tr><th>ക്രമനമ്പർ</th><th>റവന്യൂ വില്ലേജിന്റെ പേര്</th><th>റവന്യൂ വില്ലേജിന്റെ പരിധിയിൽ വരുന്ന വാർഡുകൾ, നമ്പറും പേരും</th></tr>
<tr><td>1</td><td rowspan="18">ചെങ്ങമനാട്</td><td>01 – പാലപ്രശ്ശേരി വടക്ക്</td></tr>
<tr><td>2</td><td>02 – കുളവൻകുന്ന്</td></tr>
<tr><td>3</td><td>03 – ചെങ്ങമനാട് വടക്ക്</td></tr>
<tr><td>4</td><td>04 – ചെങ്ങമനാട് തെക്ക്</td></tr>
<tr><td>5</td><td>05 – പുതുവാശ്ശേരി</td></tr>
<tr><td>6</td><td>06 – പറമ്പയം</td></tr>
<tr><td>7</td><td>07 – കപ്രശ്ശേരി പടിഞ്ഞാറ്</td></tr>
<tr><td>8</td><td>08 – കപ്രശ്ശേരി കിഴക്ക്</td></tr>
<tr><td>9</td><td>09 – നെടുവന്നൂർ വടക്ക്</td></tr>
<tr><td>10</td><td>10 – നെടുവന്നൂർ തെക്ക്</td></tr>
<tr><td>11</td><td>11 – തുരുത്ത്</td></tr>
<tr><td>12</td><td>12 – ഗാന്ധിപുരം</td></tr>
<tr><td>13</td><td>13 – പുറയാർ കിഴക്ക്</td></tr>
<tr><td>14</td><td>14 – പുറയാർ പടിഞ്ഞാറ്</td></tr>
<tr><td>15</td><td>15 – സ്വർഗ്ഗം</td></tr>
<tr><td>16</td><td>16 – ദേശം</td></tr>
<tr><td>17</td><td>17 – ദേശം പടിഞ്ഞാറ്</td></tr>
<tr><td>18</td><td>18 – പാലപ്രശ്ശേരി തെക്ക്</td></tr>
</table>

#### 1.4 സമ്പദ് ഘടന

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നവരുടെ സാമ്പത്തിക സ്ഥിതിവിവര കണക്കുകളാണ് ഈ പട്ടികയിൽ ചേർത്തിരിക്കുന്നത്. ആകെ കുടുംബങ്ങളുടെ എണ്ണവും, റേഷൻ കാർഡുകളുടെ വിവരങ്ങളും ലഭ്യമാകുന്നതിലൂടെ സാമ്പത്തികമായി ദുർബലരായ വിഭാഗം ദുരന്ത ബാധിത കഴിയുന്നവരാണെങ്കിൽ അവർക്ക് കൂടുതൽ ശ്രദ്ധ നൽകാനാവും.

### സാമ്പത്തിക സ്ഥിതി വിവരം

<table>
<tr><th></th><th></th><th></th><th colspan="4">കുടുംബങ്ങളുടെ എണ്ണം</th></tr>
<tr><th>വാർഡ് നമ്പർ</th><th>ജനസംഖ്യ</th><th>ആകെ കുടുംബങ്ങളുടെ എണ്ണം</th><th>AAY (മഞ്ഞ കാർഡ്)</th><th>മുൻഗണനാ ഗ്രൂപ്പ് (പിങ്ക് കാർഡ്)</th><th>സബ്സിഡി ഉള്ളവർ (നീല കാർഡ്)</th><th>അജഘ വെള്ള കാർഡ്</th></tr>
<tr><td>1-18</td><td>27978</td><td>6879</td><td colspan="2">2322</td><td></td><td></td></tr>
</table>

### 1.4.2 ഉപജീവന രേഖ

ഉപജീവന രേഖയുടെ വിശദാംശങ്ങളാണ് ഈ പട്ടികയിൽ ചേർത്തിരിക്കുന്ന്. ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരുടെ തൊഴിലുകളോടൊപ്പം അതിഥി തൊഴിലാളികളുടേയും വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവർ**

| ക്രമ നമ്പർ | പ്രധാന തൊഴിൽ | എണ്ണം ലഭ്യമാണെങ്കിൽ | പ്രധാനമായും ഉള്ള വാർഡുകൾ |
|---|---|---|---|
| 1 | കർഷകർ | 395 | 9,10,11 |
| 2 | കർഷക തൊഴിലാളികൾ | 806 | 9,10,11 |
| 3 | മത്സ്യബന്ധനത്തിലേർപ്പെടുന്നവർ | 93 | 5,18 |
| 4 | പരമ്പരാഗത തൊഴിലെടുക്കുന്നവർ | 216 | 2,5 |
| 5 | ദിവസ കൂലിക്കാർ | 2225 | 5 |
| 6 | അതിഥിഅവിദഗ്ദ്ധ തൊഴിലാളികൾ | 475 | 14 |
| 7 | വ്യാപാരി വ്യവസായികൾ | 85 | 3,4,15,16 |
| 8 | നിർമ്മാണ തൊഴിലാളികൾ | 401 | 2 |
| 9 | ചെറുകിട കച്ചവടക്കാർ | 103 | 4 |
| 10 | ശമ്പളജോലിക്കാർ- സർക്കാർ | 163 | 15,16 |
| 11 | ശമ്പളജോലിക്കാർ- സ്വകാര്യം | 691 | 15,16 |
| 12 | പ്രവാസികൾ | 361 | 6 |
| 13 | മറ്റുള്ളവർ | 278 | |

**ഉപജീവന തൊഴിലുകൾ**

ഉപജീവനതൊഴിലുകളും, അവയുടെ യൂണിറ്റുകളുടെ എണ്ണവും, യൂണിറ്റുകളിൽ ഉൾപ്പെടുന്ന ആകെ പക്ഷി മൃഗാദികളുടെ എണ്ണവുമാണ് ഈ പട്ടികയിൽ രേഖപ്പെടുത്തുന്നത്.

| ക്രമ നമ്പർ | തൊഴിൽ | യൂണിറ്റുകളുടെ എണ്ണം ഷെഡുകൾ, മത്സ്യക്കുളങ്ങൾ, ടാങ്ക് തുടങ്ങിയവ |
|---|---|---|
| 1 | കോഴി താറാവ് വളർത്തല് | 3 |
| 2 | ക്ഷീര കൃഷിപശു എരുമ | 30 |
| 3 | പന്നി വളർത്തല് | 1 |
| 4 | ആട് വളർത്തല് | 4 |
| 5 | മറ്റേതെങ്കിലും വളർത്തുമൃഗങ്ങള് | |
| 6 | മത്സ്യകൃഷി, അലങ്കാര മത്സ്യകൃഷി | 3 |

**1.5 വിദ്യാഭ്യാസം :**

**1.5.1 വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും അവ സ്ഥിതി ചെയ്യുന്ന വാർഡുകളുടേയും വിവരങ്ങളാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ എയ്ഡഡ്**

| ക്രമ നമ്പർ | തരം | എണ്ണം | | |
|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് |
| 1 | നഴ്സറികൾ, ഡേ കെയറുകൾ | – | – | – |
| 2 | പ്രൈമറി സ്കൂൾ | 4 | – | 3 |
| 3 | യു.പി. സ്കൂൾ | 2 | – | 3 |
| 4 | ഹൈസ്ക്കൂൾ | 2 | – | 2 |
| 5 | ഹയർ സെക്കന്ററി സ്ക്കൂൾ | 1 | – | – |
| 6 | വൊക്കേഷണൽ ഹയര് സെക്കന്ററി സ്ക്കൂൾ | 1 | – | – |
| 7 | ഹോസ്റ്റലുകൾ | – | – | 1 |

### 1.5.2 അങ്കണവാടി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന അങ്കണവാടികളുടെ വിവരങ്ങളാണ് ഈ ഉൾപ്പെടുത്തിയിട്ടുള്ളത്.

**അങ്കണവാടികൾ**

| ക്രമ നമ്പർ | അങ്കണവാടി കളുടെ നമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം | സ്വന്തം കെട്ടിടം (✓) രേഖപ്പെടുത്തുക | വാടകയ്ക്ക് (✓) രേഖപ്പെടുത്തുക |
|---|---|---|---|---|
| 1 | 76 | തേറാട്ടിക്കുന്ന് | ✓ | |
| 2 | 97 | പാലപ്രശ്ശേരി | | ✓ |
| 3 | 77 | കുളവൻകുന്ന് | | ✓ |
| 4 | 78 | തളീക്കര | ✓ | |
| 5 | 79 | ചെങ്ങമനാട് | ✓ | |
| 6 | 82 | പുത്തൻകടവ് | ✓ | |
| 7 | 83 | പുതുവാശ്ശേരി | ✓ | |
| 8 | 81 | പനയക്കടവ് | | ✓ |
| 9 | 84 | എസ്.എൻ.ഡി.പി കശ്ശേരി | ✓ | |
| 10 | 85 | മാത്തിമൂല | ✓ | |
| 11 | 86 | കപ്രശ്ശേരി സ്കൂൾ | ✓ | |
| 12 | 87 | നെടുവത്തൂർ കനാലിനു സമീപം | ✓ | |
| 13 | 88 | നെടുവന്നൂർ ഗേറ്റിനു സമീപം | | ✓ |
| 14 | 89 | നെടുവന്നൂർ- വെണ്ണിപ്പറമ്പ് | ✓ | |
| 15 | 92 | നെടുവന്നൂർ പള്ളിപ്പടി | ✓ | |
| 16 | 90 | തുരുത്ത് ഗവ. കെ.വൈ.എൽ.പി.എസ്. | ✓ | |
| 17 | 91 | തുരുത്ത് | | ✓ |
| 18 | 99 | ഗാന്ധിപുരം | ✓ | |
| 19 | 93 | കിഴക്കേ ദേശം | ✓ | |
| 20 | 94 | ദേശം -പുറയാർ | | ✓ |
| 21 | 95 | വിരുത്തി 2 സെന്റ് കോളനി | ✓ | |
| 22 | 134 | ഗവ.ജെ.ബി എസ് ദേശം | ✓ | |
| 23 | 133 | പറമ്പയം | ✓ | |
| 24 | 96 | ദേശം- കുന്നുമ്പുറം | ✓ | |
| 25 | 98 | കുന്നുമ്പുറം | ✓ | |
| 26 | 141 | തലക്കൊള്ളി | ✓ | |
| 27 | 75 | ചെങ്ങമനാട് എൽ.പി സ്കൂൾ | ✓ | |
| 28 | 80 | കോഴിക്കകടവ് | ✓ | |

### 1.6 ആരോഗ്യസ്ഥാപനങ്ങൾ

ഓരോ ആരോഗ്യസ്ഥാപനവും അവയുടെ ഉടമസ്ഥത, സ്ഥലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടേയും വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**ആരോഗ്യസംരക്ഷണസ്ഥാപനങ്ങൾ**

| വാർഡ് നമ്പർ | പേര് | സ്ഥിതി ചെയ്യുന്ന സ്ഥലം | സർക്കാർ/ സ്വകാര്യം | ഫോൺ നമ്പർ | കിടക്കകളുടെ എണ്ണം | സൗകര്യം ഐ.സി.യു. ട്രോമ കെയർ | മറ്റ് സൗകര്യങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | ചെങ്ങമനാട് | സർക്കാർ | 0484 2435344 | 14 | ഇല്ല | |
| 15 | സി.എ.ഹോസ്പിറ്റൽ | ദേശം | സ്വകാര്യം | 9895321745 | 40 | 1 (3 ബെഡ്സ്) | |
| 8 | ഹോമിയോ ഡിസ്പെൻസറി | കപ്രശ്ശേരി | സർക്കാർ | | | | |
| 8 | ആയുർവ്വേദ ആശുപത്രി | കപ്രശ്ശേരി | സർക്കാർ | | | | |

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മൃഗാശുപത്രിയെക്കുറിച്ചുള്ള വിവരങ്ങളാണ് താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**പട്ടിക മൃഗാശുപത്രി / ഡിസ്പെൻസറി**

| ക്രമ നമ്പർ | പേര് | സ്ഥിതി ചെയ്യുന്ന സ്ഥലം | സർക്കാർ/ സ്വകാര്യം | ഫോൺ നമ്പർ | വാർഡ് നമ്പർ |
|---|---|---|---|---|---|
| 1 | വെറ്റിനറി ഹോസ്പിറ്റൽ | പറമ്പയം | സർക്കാർ | | 6 |

## 1.7 കമ്മ്യൂണിറ്റി സെൻ്ററുകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കമ്മ്യൂണിറ്റി സെൻ്ററുകൾ, ഹാളുകൾ എന്നിവയുടെ വിവരങ്ങളും, സൗകര്യങ്ങളുമാണ് ഈ പട്ടികയിൽ വിശദീകരിക്കുന്നത്.

**കമ്മ്യൂണിറ്റി സെൻ്ററുകൾ ഹാളുകൾ**

| ക്രമ നം. | പേര് | വാർഡ് നമ്പർ | സ്ഥിതി ചെയ്യുന്ന സ്ഥലം | ഫോൺ | ഉടമസ്ഥാ വകാശം | വിസ് തീർണ്ണം | സൗകര്യങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | വെള്ളം ലഭ്യത | വൈ ദ്യുതി | അടു ക്കള | ശൗചാ ലയം | കുളി മുറി |
| 1 | ഐ.എം.ജെ ഹാൾ | 1 | പാലപ്രശ്ശേരി | 9020894919 | ജമാഅത് പള്ളി കമ്മിറ്റി | | ✓ | ✓ | ✓ | ✓ | ✓ |
| 2 | കമ്മ്യൂണിറ്റി ഹാൾ | 2 | പുതുവാ ശ്ശേരി | 9048404695 | ഗ്രാമപ ഞ്ചായത്ത് | | ✓ | ✓ | ✓ | ✓ | ✓ |
| 3 | അൽ മദീന ഓഡിറ്റോറിയം | 6 | പറമ്പയം | 9895099828 | മുസ്ലിം പള്ളി വക | | ✓ | ✓ | ✓ | ✓ | ✓ |
| 4 | SNDP ഹാൾ | 10 | നെടുവന്നൂർ | 9846837165 | SNDP | 100ച.മി. | ✓ | ✓ | | ✓ | |
| 5 | NSS ഹാൾ | 10 | നെടുവന്നൂർ | 9447156929 | NSS കരയോഗം | 80ച.മി. | ✓ | ✓ | | ✓ | |
| 6 | NSS ഹാൾ | 12 | തുരുത്ത് | 9847710248 | NSS കരയോഗം | | ✓ | ✓ | | ✓ | |
| 7 | ഹിദായത്തുൽ ഓഡിറ്റോറിയം | 14 | പുറയാർ | | മുസ്ലിം പള്ളി വക | | ✓ | ✓ | ✓ | ✓ | ✓ |
| 8 | ഗ്രീൻപാർക്ക് ഓഡിറ്റോറിയം | 15 | ദേശം | | പ്രൈവറ്റ് | | ✓ | ✓ | ✓ | ✓ | ✓ |

## 1.8 മത കേന്ദ്രങ്ങൾ

പ്രദേശത്ത് ഉൾപ്പെടുന്ന മതകേന്ദ്രങ്ങളുടെ വിവരങ്ങളാണ് ഈ പട്ടികയിൽ വിശദീകരിക്കുന്നത്.

**മതകേന്ദ്രങ്ങൾ**

| ക്രമ നം. | തരങ്ങൾ | എണ്ണം | സ്ഥിതി ചെയ്യുന്ന വാർഡുകൾ |
|---|---|---|---|
| 1 | ക്രിസ്ത്യൻ പള്ളി | 3 | 7,9,3 |
| 2 | ക്ഷേത്രം | 16 | 2,3,5,7,8,10,12,15,17,18 |
| 3 | മുസ്ലിം പള്ളി | 3 | 16 |
| 4 | മറ്റുള്ളവ | | |

### 1.9 പശ്ചാത്തല സൗകര്യങ്ങൾ

#### 1.9.1 റോഡുകൾ

പ്രദേശത്തെ റോഡുകളെ സംബന്ധിച്ച വിവരങ്ങളാണ് വിശദീകരിക്കുന്നത്. ഏത് തരത്തിലുള്ള റോഡാണ് എന്നും അതിന്റെ ദൈർഘ്യവും രേഖപ്പെടുത്തിയിരിക്കുന്നു.

**റോഡുകൾ**

| ക്രമ നം. | വിഭാഗം | ആകെ ദൈർഘ്യം (കി.മി.) | ദുരന്ത സാധ്യത യുള്ള ദൈർഘ്യം (കി.മി.) | റിപ്പയർ വേണ്ട ദൈർഘ്യം (കി.മി.) |
|---|---|---|---|---|
| 1. | തദ്ദേശ സ്വയംഭരണസ്ഥാപന റോഡ് | 508.584 | | 404.11 |
| 2 | അദർ ഡിസ്ട്രിക്ട് റോഡ് | | | |
| 3 | സംസ്ഥാനം | | | |
| 4 | ദേശീയ പാത | 1.5 കി.മീ | | |
| 5 | മേജർ ജില്ലാ റോഡ് | | | |

#### 1.9.2 പാലങ്ങൾ

പ്രദേശത്ത് ഉൾപ്പെടുന്ന പാലങ്ങളുടേയും അവയുടെ അനുബന്ധ ഘടനകളുടേയും നിലവിലുള്ള അവസ്ഥയും ഈ പട്ടികയിൽ വിവരിക്കുന്നു.

**പാലങ്ങളും അനുബന്ധ ഘടനകളും (എണ്ണം)**

| ക്രമ നം. | തരം | എണ്ണം | വാഹന യോഗ്യ-മായത് | വാഹന യോഗ്യമ-ല്ലാത്തത് | സുരക്ഷി തമല്ലാ ത്തത് | അറ്റകുറ്റ പ്പണി ആവശ്യ മുള്ളവ |
|---|---|---|---|---|---|---|
| 1. | കോൺക്രീറ്റ് | 6 | 4 | 2 | 1 | 2 |
| 2 | മരത്തടി | | | | | |
| 3 | ഇരുമ്പ് പാലം | 1 | 0 | 1 | 1 | 1 |
| 4 | കലുങ്ക് | 13 | 13 | 0 | 2 | 2 |
| 5 | ചെക്ക് ഡാം | | | | | |
| 6 | മൈക്രോ | | | | | |

### 1.9.3 കോളനികൾ

ഗ്രാമപഞ്ചായത്തു പ്രദേശത്തെ കോളനികളും കുടുംബങ്ങളുടെ എണ്ണവും, കോളനിയിലേക്ക് എത്തിച്ചേരുന്ന റോഡുകളുടെ എണ്ണവും താഴെ പട്ടികയിൽ ഉൾപ്പെടുത്തുന്നു.

**ലോ ഇൻകം ഗ്രൂപ്പ് കോളനികൾ / വാസസ്ഥലങ്ങൾ**

| വാർഡ് നം. | കോളനിയുടെ വാസസ്ഥലത്തിന്റെ പേര് | സ്ഥലം എത്തിച്ചേരാനുള്ള പ്രധാന റോഡും | കുടുംബങ്ങളുടെ എണ്ണം | കുടുംബാംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 2 | മുത്തിപ്പറമ്പ് കോളനി | അത്താണി- മാഞ്ഞാലി റോഡിൽ നിന്നും സി.എച്ച്.സി യ്ക്ക് വലതുവശം | 20 | 80 |
| 2. | കുളവൻകുന്ന് കോളനി | കുളവൻകുന്ന് റോഡ് | 20 | 80 |
| 8 | ചെരിക്കേണ്ട കോളനി | പറമ്പയം- കപ്രശ്ശേരി റോഡ് | 13 | 52 |
| 8 | ലക്ഷം വീട് കോളനി | പറമ്പയം- കപ്രശ്ശേരി റോഡ് | 12 | 48 |
| 8 | കനാൽ കോളനി | പറമ്പയം- കപ്രശ്ശേരി റോഡ് | 10 | 40 |
| 9 | തവിടപ്പിള്ളി കോളനി | നെടുവന്നൂർ റെയിൽവെ ഗേറ്റിനു സമീപം വയല റോഡ് | 28 | 112 |
| 14 | വെങ്ങോലംകുന്ന് കോളനി | ദേശം പുറയാർ | 61 | 240 |
| 16 | അമ്പാട്ടുപള്ളം കോളനി | ദേശം-കുന്നുംപുറം | 31 | 124 |
| 16 | കിഴക്കുംപാറ കോളനി | ദേശം-കുന്നുംപുറം-അമ്പാട്ട് റോഡ് | 11 | 44 |

# അവസ്ഥാരേഖ

## 1. പൊതുഭരണവും, ധനകാര്യവും

2023-24 സാമ്പത്തിക വർഷത്തിലെ ജനകീയയാസൂത്രണ പദ്ധതികൾ സമയബന്ധിതമായി ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കി എന്ന വസ്തുത തികച്ചും അഭിനന്ദനാർഹമാണ്. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള എഞ്ചിനീയറിങ് വെറ്ററിനറി കുടുംബശ്രീ മുതലായവയുടെ സേവനവും ഏകോപനവും ആസൂത്രണ സമിതിയുടെ നിർദ്ദേശങ്ങളും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹകരണവും പദ്ധതിയുടെ രൂപകല്പനയിലും നടത്തിപ്പും ഫലപ്രാപ്തിയും ദ്രുതഗതിയിലാക്കുകയും ചെയ്തു.

സംസ്ഥാന സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ചെങ്ങമനാട് ഗ്രാമപഞ്ചായത്തിനേയും പ്രതികൂലമായി ബാധിച്ചു എന്നുള്ളത് ഒരു വസ്തുതയാണ്. ഗ്രാമപഞ്ചായത്തിലെ തിരക്കേറിയ റോഡുകളിലോന്നായ ദേശം ചൊവ്വര റോഡിൻറെ ശോചനീയാവസ്ഥയുടെ കാരണമിതാണ്. നാഷണൽ ഹൈവേ അതോറിറ്റിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ റോഡിൻറെ ടാറിങ് ജോലികൾ ഉടനെ ആരംഭിക്കും എന്ന് ഉന്നത അധികാരികളിൽ നിന്നും ഉറപ്പു ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഗ്രാൻഡ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൻറ ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളിൽ ടാറിങ്ങും ടൈൽ നിരത്തിയും ഏറെക്കുറെ പൂർണ്ണമായും സഞ്ചാരയോഗ്യമാക്കുവാൻ സാധിച്ചു എന്നുള്ളത് ഒരു നേട്ടമാണ്. ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ ഉറവിട മാലിന്യ നിർമാർജനം കൃത്യമായി പ്രവർത്തിക്കുന്നുണ്ട്. ഹരിത കർമ്മ സേനയുടെനേതൃത്വത്തിൽ ബോധവൽക്കരണവും മാലിന്യനിർമാർജന കലണ്ടർ തയ്യാറാക്കി ഗുണഭോക്താക്കളിൽ എത്തിച്ചു 100% ലക്ഷ്യം കൈവരിക്കുവാൻ ഈ വർഷം ലക്ഷ്യമിടുന്നുണ്ട്. ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സമീപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തോടെ കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന സംസ്കരണ യൂണിറ്റ് ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ പുറമ്പോക്ക് ഭൂമി കണ്ടെത്തി സ്ഥാപിക്കേണ്ടതാണ്. കൂടുതൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തി/ സ്ഥാപനങ്ങങ്ങൾ/റസിഡൻസ് അസോസിയേഷനുകളിൽ നിന്നും സഹകരണം ലഭ്യമാക്കാവുന്നതാണ്.

കപ്രശ്ശേരിയിലെ എംസിഎഫ് ന് കൂടുതൽ സ്ഥലസൗകര്യം ഒരുക്കി വിപുലീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് കൈ ക്കൊണ്ടിട്ടുള്ളത് ഈ മേഖലയിൽ എടുത്തു പറയത്തക്ക ഒരു നേട്ടമാണ്.

പൊതുജനങ്ങൾക്ക് ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ വിവിധ സേവനങ്ങൾ എളുപ്പത്തിലും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച മാറ്റങ്ങൾ ഒരു പരിധി വരെ സഹായകമായിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷവും ഇതിനായി ഉദ്യോഗസ്ഥന്മാരെ പുനർവിന്യസിച്ച് കാര്യക്ഷമത വർധിപ്പിക്കുന്നതിന് തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ്.

### 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണം സംബന്ധിച്ചുള്ള വിലയിരുത്തൽ

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഒട്ടുമിക്ക ജനകീയസൂത്രണ പദ്ധതികളും സമയബന്ധിതമായി ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന് പൂർത്തീകരിക്കുവാൻ സാധിച്ചു.

### വെല്ലുവിളികളും വികസന വിടവുകളും

കാലാനുസൃതമായ മാറ്റങ്ങൾ ആവിഷ്കരിച്ചത് വഴി ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ശൈലിയിലും മികവിലും കഴിഞ്ഞ സാമ്പത്തികവർഷത്തിൽ മികച്ച നേട്ടം കൈവരിക്കുവാൻ സാധിച്ചു. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ വിഭാവനം ചെയ്യുന്ന പ്രവർത്തന ക്രമങ്ങൾ ഗ്രാമപഞ്ചായത്തിന് നടപ്പിൽ വരുത്തുവാൻ സാധിച്ചു. വരും വർഷങ്ങളിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് മുതലായ നൂതന കമ്പ്യൂട്ടർ സാങ്കേതിക വിദ്യകൾ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് അനുയോജ്യപ്പെടുത്തുവാൻ ശ്രമങ്ങൾ നടത്തുന്നതാണ്.

### വികസന പരിസ്ഥിതി

അടിസ്ഥാന സൗകര്യ വികസനം എന്നുള്ളതിനേക്കാൾ ഉപരിയായി പഞ്ചായത്തിന് ധനാഗമന മാർഗങ്ങൾ നടപ്പിൽ വരുത്തുക എന്നുള്ളതിന് പ്രാധാന്യം നൽകേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കേവലം കെട്ടിട നികുതികളെ മാത്രം ആശ്രയിക്കുന്ന നമ്മുടെ പഞ്ചായത്തിന് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത് വഴിയും കെട്ടിടങ്ങൾ നിർമ്മിച്ചും, പുറമ്പോക്ക് ഭൂമി കണ്ടെത്തി വാടകയ്ക്ക് നൽകുന്നത് വഴിയും, ടൂറിസം പോലുള്ള പദ്ധതികൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ നടപ്പിൽ വരുത്തിയും വരുമാനസ്രോതസ്സുകൾ വർദ്ധിപ്പിക്കാവുന്നതാണ്. കൂടുതൽ സംരംഭകരെ ഗ്രാമപഞ്ചായത്തിലേക്ക് ക്ഷണിക്കുന്നതിന് സമഗ്രമായ ഒരു വികസന തന്ത്രം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് വരികയാണ്.

## 2. കൃഷി

### 2024-25 സാമ്പത്തിക വർഷത്തേക്കുള്ള നിർദ്ദേശങ്ങൾ.

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ തരിശായിക്കിടന്ന് പാടശേഖരങ്ങളിൽ പുരുഷ/വനിത സ്വയം സഹായ സംഘങ്ങൾ വഴി സഹകരണ ബാങ്കുകളുടെ

സഹായത്തോടെ കൃഷിയിറക്കുന്നതിനും മികച്ച വിളവ് നേടുന്നതിനും തൊഴിലും, വരുമാനവും, ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും സഹായിച്ചു. വരുന്ന സാമ്പത്തിക വർഷത്തിലും കൂടുതൽ സ്ഥലങ്ങളിൽ ജൈവ നെൽകൃഷി പ്രോത്സാഹനം നൽകി നടപ്പിൽ വരുത്തുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയാണ്. അടുക്കള പച്ചക്കറി തോട്ടം നടപ്പാക്കുന്നത് വഴി അന്യസംസ്ഥാനങ്ങളിൽ നിന്നും വിഷലിപ്തമായ പച്ചക്കറികൾ ആശ്രയിച്ചിരുന്ന കുടുംബങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളിൽ നിന്നും മോചനം ലഭിക്കുമെന്നുറപ്പാണ്. കൃഷിയെ കൂടുതൽ വരുമാനദായകമാക്കി യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്.

കൂടുതൽ മേന്മയുള്ള വിത്തുകളും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നൂതന കൃഷി മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ഗുണമേന്മയുള്ള ജൈവ കീടനാശിനികളും വളങ്ങളും കർഷകരിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയിരുന്നു. ഈ വർഷവും ഇതിൻറെ തുടർ പദ്ധതികൾ തയ്യാറാക്കി വരികയാണ്.

### 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണത്തിനും ക്ഷീരവികസന ത്തിനും മുൻഗണന നൽകി സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ ക്ഷീരകർഷ കർക്ക് നൽകിയിരുന്നു. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷീരകർഷകർക്ക് ഇത് വലിയ ഒരു ആശ്വാസമായി. വെറ്റിനറി ഡോക്ടറുടെ സേവനം ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് എത്തിക്കുന്നത് വഴി മൃഗസംരക്ഷണവും രോഗ നിവാരണവും കാര്യക്ഷമമായി നടപ്പിൽ വരുത്തുവാൻ സാധിച്ചു

കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ ഫലമായി പേപ്പട്ടി യുടെ ആക്രമണം വൻതോതിൽ കുറയ്ക്കുവാൻ സാധിച്ചു. വളർത്തു നായകൾക്കുള്ള കുത്തിവയ്പു കൾ കൃത്യമായി നടപ്പിൽ വരുത്തിയതും വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് സമ്പ്രദായം നടപ്പിൽ വരുത്തിയതിന്നാലും ഇത് സംബന്ധിച്ചുള്ള പരാതികൾ ഇല്ലാതാക്കുവാൻ സാധിച്ചു. ക്ഷീര കർഷകരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സബ്സിഡി പദ്ധതികൾ ആവിഷ്കരിച്ചത് വനിതകളുടെ പങ്കാളിത്തം ശ്രദ്ധേയമായ മാറ്റങ്ങൾക്ക് വഴിവെച്ചു. കന്നുക്കുട്ടി പരിപാലനവും പോത്ത് കുട്ടികളുടെ വിതരണവും തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് സഹായകമായി.

മികച്ചയിനം മുട്ടക്കോഴികളെ വിതരണം ചെയ്തത് വഴി ഗ്രാമപഞ്ചായത്ത് തലത്തിൽ നാടൻ കോഴിമുട്ടയുടെ ലഭ്യത വർധിപ്പിച്ചു. യഥാസമയങ്ങളിൽ കർഷകർക്ക് നൽകേണ്ട വിവിധ പദ്ധതി പ്രകാരമുള്ള സബ്സിഡികളും ആനുകൂല്യങ്ങളും

കൃത്യമായി എത്തിക്കുന്നതിനും പഞ്ചായത്ത് വളരെയധികം ശ്രദ്ധിച്ചത് ഗുണഭോക്താക്കൾക്ക് ആശ്വാസമായി.

## 4. പ്രാദേശിക സാമ്പത്തിക വികസനം

ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടിക വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം തന്നെ ജനറൽ വിഭാഗത്തിലെ അവശത അനുഭവിക്കുന്നവർക്കും വീട് മെയിൻറനൻസ് ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നൽകുവാൻ സാധിച്ചത് ഒരു നേട്ടമായി കരുതുന്നു. അതി ദരിദ്രരെ കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ അന്തിമഘട്ടത്തിലാണ്. ഇതിനായി സമഗ്രമായ അന്വേഷണ നിരീക്ഷണങ്ങളാണ് പഞ്ചായത്ത് നടപ്പിൽ വരുത്തിയത്.

## 5. ദാരിദ്ര്യ ലഘൂകരണം

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ അതിദരിദ്രരുടെ ഗണത്തിൽപ്പെടുന്നവരുടെ എണ്ണം സമീപ ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ കുറവ് ആണ് എന്നുള്ളത് വർഷങ്ങളായി കാര്യക്ഷമമായി ജനകീയ ആസൂത്രണ പദ്ധതികൾ കൃത്യമായി നടപ്പിൽ വരുത്തി എന്നുള്ളതിന്റെ ഒരു തെളിവാണ്. എന്നിരുന്നാലും മതിയായ രേഖകളുടെ അഭാവവും നിരാലംബ അവസ്ഥയിലുള്ള വരും ഒറ്റപ്പെട്ട ജീവിതം നയിക്കുന്നതുമായ കുറച്ചു മനുഷ്യർ ഈ പഞ്ചായത്തിലും ഉണ്ട്. ഈ വ്യക്തികൾക്ക് ദാരിദ്ര്യത്തിൽ നിന്നും ശാശ്വതമായ മോചനം ലഭിക്കുന്നതിന് വരുമാന സ്രോതസ്സുകൾ ഉറപ്പുവരുത്തി കൈ പിടിച്ചു ഉയർത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ് എന്നുള്ളതിന്റെ തെളിവാണ് ഈ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജനകീയ പദ്ധതികൾ. കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന തൊഴിൽ പരിശീലനം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പുറമേ വരും വർഷങ്ങളിലും നൂതന മാർഗങ്ങൾ കണ്ടെത്തി ഇക്കൂട്ടരിലേക്ക് എത്തിക്കുവാൻ പദ്ധതികൾ പുതിയതായി തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണ്.

## 6. സാമൂഹ്യനീതി

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ ചലന വൈകല്യമുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തി അവർക്ക് യന്ത്രവീൽ ചെയറുകൾ വിതരണം ചെയ്തിരുന്നത് വലിയ ഒരു ആശ്വാസമായി. ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും ലഭ്യതയ്ക്കനുസരിച്ച് വിവിധ പെൻഷൻ സ്കോളർഷിപ്പ് വിതരണവും ഗ്രാമപഞ്ചായത്ത് നടത്തിയതിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് ആശ്വാസമായി. കഴിഞ്ഞവർഷം നടപ്പിലാക്കുവാൻ ഉദ്ദേശിച്ച ഭിന്നശേഷി സൗഹൃദ തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്.

## 7. വനിതകളുടെയും കുട്ടികളുടെയും വികസനം

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം അങ്കണവാടികളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികളിലും കളി കോപ്പുകളും പഠനോപകരണങ്ങളും മറ്റും ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ അങ്കണവാടികളിലെ ഒഴിവുകൾ നികത്തുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ക്ഷണിച്ച് നിഷ്പക്ഷമായ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തി നിയമിച്ചിട്ടുള്ളതാണ്. കൗമാരക്കാരായ പെൺകുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നവജാത ശിശുക്കൾക്കും പോഷകാഹാരം നൽകുന്നതിന് ഉള്ള ഒരു ഹബ്ബ് ആയി അങ്കണവാടികൾ മാറി എന്നുള്ളത് അതിന്റെ ലക്ഷ്യത്തിന്റെ സാക്ഷാൽക്കാരമായി വർത്തിച്ചു.

## 8. പട്ടികജാതി പട്ടികവർഗ്ഗ വികസനം

ദേശീയ സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയെങ്കിലും ഇപ്പോഴും പുരോഗതി പൂർണ്ണത കൈവരിക്കുവാൻ സാധിക്കാത്ത ഒരു മേഖലയാണ് ഇത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഇതിനു വേണ്ട പ്രമാണങ്ങളും സാക്ഷ്യപത്രങ്ങളുടെയും അലഭ്യതയും പലപ്പോഴും ആനുകൂല്യങ്ങൾ കിട്ടാക്കനിയായി മാറ്റിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം തന്നെ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനായി നൂതനവും വൈവിധ്യവും ഉള്ള തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനായുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുൻഗണനാക്രമം നൽകിയിട്ടുണ്ട്.

## 9. ആരോഗ്യം

കോവിഡ് മഹാമാരിക്ക് ശേഷം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് വിവിധ ആരോഗ്യപ്രശ്നങ്ങൾ അലട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഡെങ്കിപ്പനി പോലുള്ള പകർച്ചവ്യാധികൾ ഇപ്പോഴും വ്യാപകമാകുന്നത് ജാഗ്രതയോടെ കാണേണ്ട കാര്യമാണ്. ശുചിത്വം ബോധവൽക്കരണം മുതലായവയിലൂടെ മാത്രമാണ് ഇതിന് ഒരു മാറ്റം കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന പിഎസ്സി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ ഫണ്ടുകൾ അനുവദിക്കുന്നതിന് ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് എപ്പോഴും ഊന്നൽ നൽകിയിട്ടുള്ളതാണ്. കിടപ്പുരോഗികൾക്ക് സഹായകമായ രീതിയിൽ പാലിയേറ്റീവ് കെയർ യൂണിറ്റും ഡയാലിസിസ് രോഗികൾക്കായി

മൊബൈൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനവും വലിയ ഒരു ആശ്വാസമായി. വരും വർഷങ്ങളിലും തീരാദുരിതം അനുഭവിക്കുന്ന രോഗികൾക്ക് ആശ്വാസകരമായ പദ്ധതികൾ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കുന്നത് പ്രതിജ്ഞാബദ്ധമാണ്.

## 10. കുടിവെള്ളം ശുചിത്വം

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ 90% സ്ഥലങ്ങളിലും കുടിവെള്ള പൈപ്പ് ലൈൻ എത്തിക്കുവാൻ സാധിച്ചു എന്നത് ഒരു വലിയ നേട്ടമാണ്. കുടിവെള്ളക്ഷാമം നേരിടുന്ന നിർധനരായ കുടുംബങ്ങൾക്ക് സൗജന്യമായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ട്.

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പാതയോരങ്ങളിലൂടെ കാലഹരണത്താൽ നാശമോശപ്പെട്ട പൈപ്പുകൾക്ക് പകരമായി കൂടുതൽ വ്യാസം ഉള്ളതും നിലവാരം ഉള്ളതുമായ പൈപ്പുകൾ 80 ശതമാനത്തോളം സ്ഥാപിച്ചു കഴിഞ്ഞു. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബയോടോലെറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആലോചനയിലുണ്ട്. മുൻ വർഷങ്ങളിൽ കക്കൂസ് നിർമ്മാണത്തിനായി ധനസഹായം നൽകിയത് വഴി ഈ മേഖലയിൽ ഏകദേശം സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചു. ആളൊഴിഞ്ഞ സ്ഥലങ്ങളിലും പാതയോരങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് വേണ്ടി കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി റസിഡൻസ് അസോസിയേഷൻ മറ്റ് സാമൂഹ്യ രാഷ്ട്രീയ സംഘടനകളുടെ ഏകോപന പ്രവർത്തനങ്ങളിലൂടെ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് പദ്ധതിയിടുന്നുണ്ട്.

## 11. വിദ്യാഭ്യാസം കല സംസ്കാരം യുവജന കാര്യം

കേരളോത്സവത്തിനോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ യുവതി യുവാക്കളെ പങ്കെടുപ്പിച്ച് നടത്തുവാൻ പഞ്ചായത്തിന് സാധിച്ചു. എ ഐ സാങ്കേതികവിദ്യ പോലുള്ള നൂതന പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പരിശീലനം നടത്തുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആലോചനയിലുള്ളതാണ്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തിലേക്ക് സർക്കാർ സ്കൂളുകളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെ നിശ്ചയദാർഢ്യത്തിന്റെ തെളിവാണ്. മധ്യവർത്തിയിലുള്ള കുടുംബങ്ങളിൽ കുട്ടികളെ സർക്കാർ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിനും ഇത് ഒരു ത്വരിതകമായി മാറി.

## 12. പൊതുമരാമത്ത്

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളെല്ലാം തന്നെ ടാറിങ് നടത്തി സഞ്ചാരയോഗ്യമാക്കി. വെള്ളക്കെട്ടുള്ളതും ടാറിങ് അനുയോജ്യമല്ലാത്തതുമായ സ്ഥലങ്ങളിൽ സിമൻറ് കട്ട ടൈൽ വിരിച്ചത് വഴി വഴിയാത്രക്കാരുടെ ക്ലേശങ്ങൾക്ക് പരിഹാരം കാണുവാൻ സാധിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തി ഗ്രാമപഞ്ചായത്തിലൂടെയുള്ള പൊതുമരാമത്ത് നാഷണൽ ഹൈവേകളുടെ നിലവാരം ഉയർത്തുന്നതിനും പഞ്ചായത്തിന് സാധിച്ചു. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പുനരാവിഷ്കരിക്കുന്നതിനും കൂടുതൽ പൊതുവഴികൾ ഇതിൽ ഉൾപ്പെടുത്തി മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്.

## 13. ജൈവവൈവിധ്യം കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി സംരക്ഷണം ദുരന്തനിവാരണം

സമതല പ്രദേശങ്ങളും ഫലഭൂയിഷ്ഠമായ ഭൂമികൊണ്ടും അനുഗ്രഹീതമായ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യം കൊണ്ട് അനുഗ്രഹീതമാണ്. കഴിഞ്ഞ വർഷങ്ങളിൽ നഷ്ടപ്പെട്ടുപോയ നെൽകൃഷിയുടെ പാരമ്പര്യം പുനസ്ഥാപിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചു. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള പരാതികൾ ഗൗരവം വിടാതെ കൈകാര്യം ചെയ്യുന്നത് വഴി ജൈവവൈവിധ്യത്തിന് കോട്ടം തട്ടാതെ പരിരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചു. ആഗോളതലത്തിൽ വെല്ലുവിളി ഉയർത്തിയിട്ടുള്ള കാലാവസ്ഥാവ്യതിയാനം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ കർഷകർക്കും വെല്ലുവിളി സൃഷ്ടിച്ചിട്ടുണ്ട്. കാലം തെറ്റിയുള്ള മഴയും മഞ്ഞും വെയിലും കാർഷികോൽപാദനത്തെ ബാധിച്ചിട്ടുണ്ട്. അതിവർഷം മൂലം വിളകൾ നാശം സംഭവിച്ചിട്ടുണ്ട്. മഴയും വാഴ കൃഷി വൻതോതിൽ നാശം വിതച്ചിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണം ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹാർദ്ദമായ കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ പ്രാധാന്യം നൽകി മറ്റു തദ്ദേശസ്ഥാപനങ്ങളോടൊപ്പം നിന്ന് നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതികളും ഗ്രാമപഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. അപ്രതീക്ഷിതമായ പരിസ്ഥിതിയുടെ മാറ്റം മൂലം ദുരിതമനുഭവിക്കുന്നവരുടെ രക്ഷയ്ക്കായി ഒരു ദുരന്ത നിർമാർജന കർമ്മ സേനയുടെ രൂപീകരണം ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ളതാണ്. ഇവർക്ക് ജീവൻ രക്ഷാ ഉപകരണങ്ങളും പരിശീലനവും നൽകുന്നതിനായി പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഗ്രാമപഞ്ചായത്ത് മുന്നോട്ട് വന്നിട്ടുണ്ട്. ഇതിനായി വിദഗ്ദ്ധരായവരെ സമീപിച്ച് വ്യത്യസ്തങ്ങളായ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുവാനും ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതാണ്.